**ബൈബിൾ - ഖുർആൻ: ഒരു താരതമ്യപഠനം-11**

# അബ്രാഹമും കുടുംബവും

● ഇ.സി സൈമൺ മാസ്റ്റർ

**പ്രബലമായ** ഒരു സുന്നത്ത് ആണെങ്കിലും മുസ്‌ലിംകൾ നിർബന്ധ മതകർമമെന്ന നിലയിൽ സ്വീകരിച്ചുവരുന്നതാണല്ലോ ആൺകുട്ടികളുടെ ചേലാകർമം. ഈ ആചാരത്തിന് അടിസ്ഥാനമായി പറയാവുന്ന കാരണമെന്തെന്നോ അതിന്റെ ആരംഭം എന്നാണെന്നോ ഖുർആൻ വിശദീകരിച്ചിട്ടില്ല. ബൈബിളിൽ അത് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"അബ്രാമിനു തൊണ്ണൂറ്റൊമ്പതു വയസ്സായപ്പോൾ കർത്താവ് പ്രത്യക്ഷപ്പെട്ട് അവനോടരുളിച്ചെയ്തു: സർവശക്തനായ ദൈവമാണ് ഞാൻ. എന്റെ മുമ്പിൽ വ്യാപരിക്കുക. കുറ്റമറ്റവനായി വർത്തിക്കുക. നീയുമായി ഞാൻ എന്റെ ഉടമ്പടി സ്ഥാപിക്കും. ഞാൻ നിനക്കു വളരെയേറെ സന്തതികളെ നൽകും. അപ്പോൾ അബ്രാം സാഷ്ടാംഗം പ്രണമിച്ചു. ദൈവം അവനോട് അരുളിച്ചെയ്തു: ഇതാ! നീയുമായുള്ള എന്റെ ഉടമ്പടി: നീ അനവധി ജനതകൾക്കു പിതാവായിരിക്കും. ഇനിമേൽ നീ അബ്രാം എന്നു വിളിക്കപ്പെടുകയില്ല. നിന്റേ പേര് അബ്രാഹം എന്നായിരിക്കും. ഞാൻ നിന്നെ അനവധി ജനതകളുടെ പിതാവാക്കിയിരിക്കുന്നു. നീ സന്താനപുഷ്ടിയുള്ളവനാകും. നിന്നിൽനിന്ന് ജനതകൾ പുറപ്പെടും. രാജാക്കന്മാരും നിന്നിൽനിന്ന് ഉത്ഭവിക്കും. ഞാനും നീയും നിനക്കുശേഷം നിന്റെ സന്തതികളും തമ്മിൽ തലമുറ തലമുറയായി എന്നേക്കും ഞാൻ എന്റെ ഉടമ്പടി സ്ഥാപിക്കും. ഞാൻ എന്നേക്കും നിനക്കും നിന്റെ സന്തതികൾക്കും ദൈവമായിരിക്കും. നീ പരദേശിയായി പാർക്കുന്ന ഈ കാനാൻ ദേശം മുഴുവൻ നിനക്കും നിനക്കുശേഷം നിന്റെ സന്തതികൾക്കുമായി ഞാൻ തരും. എന്നെന്നും അത് അവരുടേതായിരിക്കും. ഞാൻ അവർക്കു ദൈവമായിരിക്കുകയും ചെയ്യും.

ദൈവം അബ്രാഹത്തോടു കൽപിച്ചു: നീയും നിന്റെ സന്താനങ്ങളും തലമുറതോറും എന്റെ ഉടമ്പടി പാലിക്കണം. നിങ്ങൾ പാലിക്കേണ്ട ഉടമ്പടി ഇതാണ്: നിങ്ങളിൽ പുരുഷന്മാരെല്ലാവരും പരിഛേദനം ചെയ്യണം. നിങ്ങൾ അഗ്രചർമം ഛേദിക്കണം. ഞാനും നിങ്ങളുമായുള്ള ഉടമ്പടിയുള്ള അടയാളമായിരിക്കും അത്. നിങ്ങളിൽ എട്ടുദിവസം പ്രായമായ ആൺകുട്ടിക്കു പരിഛേദനം ചെയ്യണം. നിന്റെ വീട്ടിൽ പിറന്നവനോ, നിന്റെ സന്താനങ്ങളിൽപെടാത്ത വിലയ്ക്കു വാങ്ങിയ പരദേശിയോ ആകട്ടെ, തലമുറതോറും എല്ലാ പുരുഷന്മാർക്കും പരിഛേദനം ചെയ്യപ്പെടണം. നിന്റെ വീട്ടിൽ പിറന്നവനും നീ വിലയ്ക്കു വാങ്ങിയവനും പരിഛേദനം ചെയ്യപ്പെടണം. അങ്ങനെ എന്റെ ഉടമ്പടി നിന്റെ മാംസത്തിൽ ശാശ്വതമായ ഒരുടമ്പടിയായി നിലനിൽക്കും. പരിഛേദനം ചെയ്യപ്പെടാത്ത പുരുഷനെ സമൂഹത്തിൽനിന്നു പുറന്തള്ളണം. അവൻ എന്റെ ഉടമ്പടി ലംഘിച്ചിരിക്കുന്നു.

ദൈവം അരുളിച്ചെയ്തു: ഇസ്മായേലിനു വേണ്ടിയുള്ള നിന്റെ പ്രാർഥന ഞാൻ ചെവിക്കൊണ്ടിരിക്കുന്നു. ഞാൻ അവനെ അനുഗ്രഹിച്ചിരിക്കുന്നു. ഞാനവനെ സന്താനപുഷ്ടിയുള്ളവനാക്കി, അവന്റെ സന്തതികളെ വർധിപ്പിക്കും. അവൻ പന്ത്രണ്ടു രാജാക്കന്മാർക്കു പിതാവായിരിക്കും. അവനിൽനിന്ന് ഞാനൊരു വലിയ ജനതയെ പുറപ്പെടുവിക്കും. അബ്രാഹത്തോടു സംസാരിച്ചു കഴിഞ്ഞ് ദൈവം അവനെ വിട്ടുപോയി.

ദൈവം കൽപിച്ചതുപോലെ ആ ദിവസംതന്നെ അബ്രാഹം മകൻ ഇസ്മായേലിനെയും തന്റെ വീട്ടിൽ പിറന്നവരും താൻ വിലകൊടുത്തു വാങ്ങിയവരുമായ സകല പുരുഷന്മാരെയും പരിഛേദനം ചെയ്തു. പരിഛേദനസമയത്ത് അബ്രാഹത്തിന് തൊണ്ണൂറ്റൊമ്പതു വയസ്സും ഇസ്മായേലിനു പതിമൂന്നു വയസ്സുമുണ്ടായിരുന്നു. അന്നുതന്നെ അബ്രാഹവും മകൻ ഇസ്മായേലും പരിഛേദനം ചെയ്യപ്പെട്ടു. അബ്രാഹത്തിന്റെ വീട്ടിലെ എല്ലാ പുരുഷന്മാരും വീട്ടിൽ പിറന്നവരും പരദേശികളിൽനിന്ന് വിലയ്ക്കുവാങ്ങിയവരുമായ എല്ലാവരും അവനോടൊപ്പം പരിഛേദനം ചെയ്യപ്പെട്ടു" (ഉൽപത്തി 17:1-14, 20-27).

ഇബ്റാഹീം നബിയുമായി അല്ലാഹു ഉണ്ടാക്കിയ ഉടമ്പടിയുടെ ശാരീരിക അടയാളമായി മുസ്‌ലിംകളും യഹൂദരും ഇന്നും കണിശമായി പാലിച്ചുവരുന്ന പരിഛേദനമെന്ന ചേലാകർമം ആരോഗ്യ ശാസ്ത്രപരമായും പ്രയോജനകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ലൈംഗികരോഗങ്ങൾ പലതും തടയുന്നതിന് ചേലാകർമം വഴി സാധിക്കുമെന്ന് ആധുനിക വൈദ്യശാസ്ത്രം സമ്മതിക്കുന്നു.

ജനനത്തിനുമുമ്പും ശേഷവും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർ ചുരുക്കമാണ്. അത്യപൂർവമായ ആ ഭാഗ്യലബ്ധിക്ക് ഉടമയാണ് ഇബ്റാഹിം നബിയുടെ ആദ്യപുത്രനായ ഇസ്മാഈൽ. എന്നിട്ടും അദ്ദേഹത്തെ ചെറുതാക്കി കാണിക്കാനാണ് യഹൂദരുടെയും ക്രൈസ്തവരുടെയും ബോധപൂർവമായ ശ്രമമെന്ന് പറയേണ്ടിയിരിക്കുന്നു. ഇബ്റാഹീം നബിയുടെ രണ്ടാമത്തെ പുത്രനായ ഇസഹാഖ് നബിയുടെ മകൻ യഅ്ഖൂബ് നബിയുടെ വംശാവലിയിൽ പെട്ടവരെന്ന് വിശ്വസിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നതാണ് അവരിൽ അങ്ങനെ ഒരു മനോഭാവം ഉടലെടുക്കുന്നതിനു കാരണം. ഇസ്മാഈലിന്റെ സന്താനപരമ്പരയാണ് അറബികൾ എന്നതും അവരിൽനിന്നുണ്ടായ പ്രവാചകനാണ് മുഹമ്മദ് നബി എന്നതും അവരിൽ അടുപ്പമല്ല അകലമാണ് വർധിപ്പിക്കുന്നത്.

പരസ്പരവിരുദ്ധമായ പ്രസ്താവനകളും വസ്തുതകൾക്കു നിരക്കാത്ത സംഭവവിവരണങ്ങളും കൊണ്ട് അവിശ്വസനീയമാണ് ബൈബിളിന്റെ ചില ഭാഗങ്ങൾ. അബ്രാഹം തന്റെ ആദ്യഭാര്യ സാറായുടെ നിർബന്ധപ്രകാരം രണ്ടാം ഭാര്യ ഹാഗാറിനെയും (ഹാജറ) മകൻ ഇസ്മാഈലിനെയും

വീട്ടിൽനിന്ന് ഇറക്കിവിടുന്ന സംഭവത്തെപ്പറ്റിയുള്ള ബൈബിൾ വിവരണം ഒരുദാഹരണമാകുന്നു:

"ദൈവം വാഗ്ദാനമനുസരിച്ച് സാറായെ അനുഗ്രഹിച്ചു. വൃദ്ധനായ അബ്രാഹത്തിൽനിന്ന് സാറാ ഗർഭം ധരിച്ച്, ദൈവം പറഞ്ഞ സമയത്തുതന്നെ പുത്രനെ പ്രസവിച്ചു. സാറായിൽ ജനിച്ച മകന് ഇസഹാക്ക് എന്ന് അബ്രാഹം പേരിട്ടു. കുഞ്ഞു പിറന്നിട്ട് എട്ടാം ദിവസം ദൈവികകൽപന പ്രകാരം അബ്രാഹം അവനു പരിഛേദനം നടത്തി. അബ്രാഹത്തിന് നൂറുവയസ്സുള്ളപ്പോഴാണ് ഇസഹാക്ക് ജനിച്ചത്. സാറാ പറഞ്ഞു: എനിക്കു സന്തോഷിക്കാൻ ദൈവം വക നൽകിയിരിക്കുന്നു. ഇതുകേൾക്കുന്നവരൊക്കെ എന്നെച്ചൊല്ലി ചിരിക്കും. അവൾ തുടർന്നു: സാറാ മുലയൂട്ടുമെന്ന് ആരെങ്കിലും അബ്രാഹത്തോടു പറയുമായിരുന്നോ? എന്നിട്ടും അദ്ദേഹത്തിന്റെ വയസ്സുകാലത്ത് ഞാൻ അദ്ദേഹത്തിന് ഒരു മകനെ നൽകിയിരിക്കുന്നു. കുഞ്ഞുവളർന്നു മുലകുടി മാറി. അന്ന് അബ്രാഹം വലിയൊരു വിരുന്നു നടത്തി.

ഈജിപ്തുകാരിയായ ഹാഗാറിൽ അബ്രാഹത്തിനു ജനിച്ച മകൻ, തന്റെ മകനായ ഇസ്ഹാക്കിനോടുകൂടെ കളിക്കുന്നതു സാറാ കണ്ടു. അവൾ അബ്രാഹത്തോടു പറഞ്ഞു: ആ അടിമപ്പെണ്ണിനെയും അവളുടെ മകനെയും ഇറക്കി വിടുക. അവളുടെ മകൻ എന്റെ മകൻ ഇസഹാക്കിനോടൊപ്പം അവകാശിയാകാൻ പാടില്ല. തന്മൂലം മകനെയോർത്ത് അബ്രാഹം വളരെ അസ്വസ്ഥനായി. എന്നാൽ ദൈവം അബ്രാഹത്തോട് അരുളിച്ചെയ്തു: കുട്ടിയെക്കുറിച്ചും നിന്റെ അടിമപ്പെണ്ണിനെക്കുറിച്ചും നീ ക്ലേശിക്കേണ്ട. സാറാ പറയുന്നതുപോലെ ചെയ്യുക. കാരണം, ഇസഹാക്കിലൂടെയാണ് നിന്റെ സന്തതികൾ അറിയപ്പെടുക. അടിമപ്പെണ്ണിൽ ജനിച്ച മകനെയും ഞാനൊരു ജനതയാക്കും. അവനും നിന്റെ മകനാണല്ലോ. അബ്രാഹം അതിരാവിലെ എഴുന്നേറ്റ് കുറേ അപ്പവും ഒരു തുകൽസഞ്ചിയിൽ വെള്ളവുമെടുത്ത് ഹാഗാറിന്റെ തോളിൽ വെച്ചുകൊടുത്തു. മകനെയും ഏൽപിച്ചിട്ട് അവളെ പറഞ്ഞയച്ചു. അവൾ അവിടെനിന്നുപോയി ബേർഷെബ മരുപ്രദേശത്ത് അലഞ്ഞുനടന്നു.

തുകൽസഞ്ചിയിലെ വെള്ളം തീർന്നപ്പോൾ അവൾ കുട്ടിയെ ഒരു കുറ്റിക്കാട്ടിൽ കിടത്തി. കുഞ്ഞുമരിക്കുന്നത് എനിക്കു കാണാൻ വയ്യാ എന്നുപറഞ്ഞ് അവൾ കുറേ അകലെ ഒരു അമ്പെയ്ത്തുദൂരെച്ചെന്ന് എതിർവശത്തേക്ക് തിരിഞ്ഞിരുന്നു. കുട്ടി ഉച്ചത്തിൽ കരയാൻ തുടങ്ങി. കുട്ടിയുടെ കരച്ചിൽ ദൈവം കേട്ടു. സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ ദൂതൻ അവളെ വിളിച്ചു പറഞ്ഞു: ഹാഗാർ, നീ വിഷമിക്കേണ്ട; ഭയപ്പെടുകയും വേണ്ട. കുട്ടിയുടെ കരച്ചിൽ ദൈവം കേട്ടിരിക്കുന്നു. എഴുന്നേറ്റ് കുട്ടിയെ കൈയിലെടുക്കുക. അവനിൽനിന്ന് ഞാൻ വലിയൊരു ജനതയെ പുറപ്പെടുവിക്കും. ദൈവം അവളുടെ കണ്ണുതുറന്നു. അവൾ ഒരു കിണർ കണ്ടു. അവൾ ചെന്ന് തുകൽസഞ്ചി നിറച്ച് കുട്ടിക്ക് കുടിക്കാൻ കൊടുത്തു. ദൈവം ആ കുട്ടിയോടുകൂടെ ഉണ്ടായിരുന്നു. അവൻ മരുഭൂമിയിൽ പാർത്തു. അവൻ വളർന്നു സമർഥനായൊരു വില്ലാളിയായിത്തീർന്നു. അവൻ പാരാനിലെ മരുഭൂമിയിൽ പാർത്തു. അവന്റെ അമ്മ ഈജിപ്തിൽനിന്ന് അവനൊരു ഭാര്യയെ തെരഞ്ഞെടുത്തു." (ഉൽപത്തി 21: 1–21).

ഹാഗാറിനെയും (ഹാജറ) മകൻ ഇസ്മാഈലിനെയും ഇബ്റാഹീം നബിയുടെ വീട്ടിൽനിന്ന് പറഞ്ഞയക്കുന്നതിനെപ്പറ്റിയുള്ള വിവരണമാണിതെങ്കിലും സംഭവം നടക്കുന്ന കാലവും ഇസ്മാഈലിന്റെ പ്രായവും തമ്മിൽ തീരെ യോജിക്കുന്നില്ല. ഹാഗാറിന്റെ മകനായ ഇസ്മായേലിന്റെ അന്നത്തെ അവസ്ഥയുമായി യോജിക്കുന്നതായില്ല ഈ വിവരണത്തിലെ കുട്ടി.

അബ്രാഹത്തിന് 86 വയസ്സുള്ളപ്പോഴായിരുന്നു ആദ്യപുത്രനായ ഇസ്മായേൽ ഹാഗാറിൽനിന്ന് ജനിച്ചത്. സാറായിൽനിന്ന് അദ്ദേഹത്തിന് ഇസഹാക്ക് എന്ന രണ്ടാമത്തെ മകൻ ജനിക്കുമ്പോൾ 100 വയസ്സായിരുന്നു അദ്ദേഹത്തിന്റെ പ്രായം. അതായത് ഇസ്മായേലും ഇസഹാക്കും തമ്മിൽ പതിനാലു വയസ്സുണ്ടായിരുന്നു പ്രായവ്യത്യാസം.

ഇസഹാക്ക് വളർന്ന് മുലകുടി മാറുകയും അതോടനുബന്ധിച്ച് അബ്രാഹം ഒരു വിരുന്നു സൽക്കാരം നടത്തുകയും ചെയ്തപ്പോൾ ഇസ്മായേലിന് പതിനാറു വയസ്സെങ്കിലും പ്രായമുണ്ടായിരിക്കണം. വിരുന്നിൽ പങ്കെടുക്കാൻ അവൻ വന്നതും അനുജൻ ഇസഹാക്കുമായി കളിച്ചതും സ്വാഭാവികം. അതിൽ നീരസം തോന്നിയ സാറാ, ഹാഗാറിനെയും ഇസ്മായേലിനെയും അവിടെനിന്ന് ഇറക്കിവിടാൻ അബ്രാഹമിനോട് ആവശ്യപ്പെട്ടു. അദ്ദേഹം അപ്രകാരം ചെയ്തു.

എന്നാൽ ഈ സംഭവം നടന്നത് എന്ന് എന്ന കാര്യത്തിലാണ് ആശയക്കുഴപ്പം. ബൈബിളിൽ പറയുന്ന കാലത്താവാൻ ഏതായാലും സാധ്യതയില്ല. കാരണം, പ്രസ്തുത സംഭവങ്ങൾ നടക്കുന്ന കാലത്ത് ഇസ്മായേൽ കേവലം ഒരു ചെറു ബാലനല്ല, 16 വയസ്സിലധികം പ്രായമുള്ള ചെറുപ്പക്കാരനാണ്. തീരെ ചെറിയ ഒരു കുട്ടിയെയും കൊണ്ട് ഹാഗാർ പോകുന്നതായാണ് ബൈബിൾ വിവരണം. ഇസ്മായേൽ തീരെ ചെറിയ കുട്ടിയായിരിക്കുമ്പോൾ ഇസഹാക്ക് ജനിച്ചിരിക്കാൻ വഴിയില്ല.

കുടിവെള്ളം കിട്ടാതെ മരുഭൂമിയിൽ മരണവെപ്രാളം കാട്ടിയ കുട്ടിയുടെ കരച്ചിൽ കേട്ട ദൈവദൂതൻ അവളെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞ വചനങ്ങളിലെ സൂചനകളിൽനിന്ന് മനസ്സിലാകുന്നതും അതൊരു ചെറിയ കുട്ടി ആയിരുന്നു എന്നാണ്. അങ്ങനെ ദൈവാനുഗ്രഹത്താൽ മരണവിപത്തിൽനിന്ന് രക്ഷ പ്രാപിച്ച കുഞ്ഞും മാതാവും ദൈവം കാണിച്ചുകൊടുത്ത നീരുറവയായ കിണറിനു സമീപം അന്നുമുതൽ താമസമുറപ്പിച്ചതും തലമുറകൾ കടന്നുപോയപ്പോൾ അവന്റെ സന്തതികൾ ഒരു വലിയ ജനതയായി വളർന്നു പന്തലിച്ച് ആ പ്രദേശമാകെ വ്യാപിച്ചതും ഒരു ദേശത്തിന്റെയും ജനതയുടെയും ചരിത്രത്തിന്റെ ഭാഗമായി ഇന്നു നിലനിൽക്കുകയാണ്.

മാലാഖ കാണിച്ചുകൊടുത്ത കിണറിനരികെ (മുസ്ലിംകൾ അതിനെ സംസം കിണറെന്നു വിളിക്കുന്നു) താമസമുറപ്പിച്ചെങ്കിലും ഇബ്റാഹീം നബിയുമായുള്ള ബന്ധം പിന്നീടും തുടർന്നുപോന്നിരുന്നതുകൊണ്ട് ഇടക്കിടക്ക് അവർ പിതാവിന്റെ വസതിയിലേക്കും പിതാവ് ഇവരുടെ ഭവനത്തിലേക്കും പോക്കുവരവ് പതിവായിരിക്കണം. അപ്രകാരം ഒരു ഭവന സന്ദർശന ദിവസത്തിലായിരുന്നു ഇസഹാക്കിന്റെ മുലകുടിമാറിയതോടനുബന്ധിച്ച് നടത്തിയ വിരുന്നു സൽക്കാരം എന്ന് വിചാരിക്കാൻ ന്യായമുണ്ട്. ബൈബിൾ വിവരണമനുസരിച്ചാണെങ്കിൽ അത് ഇസഹാക്കിന് രണ്ടു വയസ്സിൽ കുറയാതെയും ജ്യേഷ്ഠസഹോദരൻ ഇസ്മായേലിന് പതിനാറു വയസ്സിലധികവും പ്രായമുള്ളപ്പോഴായിരുന്നു എന്ന് ഓർക്കേണ്ടതുണ്ട്. കഥ, ബൈബിൾ വിവരിക്കുന്നതുപോലെയാണെങ്കിൽ വീട്ടിൽനിന്നു പുറത്താക്കുമ്പോൾ ഹാഗാറിന്റെ മകൻ ഇസ്മായേലിനും സാറായുടെ മുലകുടിമാറിയ ഇസഹാക്കിനും ഏതാണ്ട് ഒരേ പ്രായം എന്ന അവസ്ഥയാണുണ്ടാവുക. അങ്ങനെയാവാൻ ഏതായാലും സാധ്യതയില്ലല്ലോ. എന്നാൽ അന്ന് ഇസഹാക്ക് ജനിച്ചിരുന്നില്ല എന്നതാണ് യാഥാർഥ്യം. അതുകൊണ്ടുതന്നെ ഇബ്റാഹീം നബി നടത്തിയെന്നു പറയുന്ന വിരുന്നും അന്നല്ല, പിന്നീട് ഏതാനും കൊല്ലങ്ങൾ കഴിഞ്ഞാണ് എന്നും മനസ്സിലാക്കാം.

എന്നാൽ ആ സംഭവം പിശകായി രേഖപ്പെടുത്തിയപ്പോൾ തോളിലിട്ടുകൊണ്ടു നടക്കേണ്ട കൊച്ചുകുട്ടിയോളം ചെറുതായിപ്പോയി പതിനാറുവയസ്സുകാരൻ ഇസ്മായേൽ. ജനിച്ചിട്ടുപോലുമില്ലാത്ത ഇസഹാക്കിനെ മുലകുടി മാറിയ കുട്ടിയോളം വലുതാക്കി കാണിച്ചു. പതിനാറു കൊല്ലക്കാലത്തിനിടയിലുണ്ടായ രണ്ടു വ്യത്യസ്ത സംഭവങ്ങൾ ഒരൊറ്റ ദിവസം സംഭവിച്ചതുപോലെ എഴുതിവെച്ചതുകൊണ്ടാണ്

ബൈബിളിലെ ഈ ഭാഗം ഇപ്രകാരം ജടിലമായിത്തീരാൻ കാരണം.

വ്യത്യസ്ത കാലത്തു നടന്ന വ്യത്യസ്ത സംഭവങ്ങൾ എല്ലാം ഒന്നിച്ചു ചേർത്ത് ഒരേ കാലത്ത് ഒരേ ദിവസം സംഭവിച്ചതെന്ന മട്ടിൽ എഴുതപ്പെട്ടതു കൊണ്ട് ആദ്യം സംഭവിച്ചതേത്, പിന്നീട് സംഭവിച്ചതേത് എന്ന് ബൈബിൾ വിവരണത്തിൽനിന്ന് തിരിച്ചറിയുക എളുപ്പമല്ല. എങ്കിലും അല്ലാഹുവിന്റെ സഹായത്താൽ നമുക്കതിനു ശ്രമിച്ചു നോക്കാം.

ബി.സി ഏകദേശം 1975-ൽ ജനിച്ച ഇബ്റാഹീം നബി മെസൊപ്പൊട്ടോമിയയിലെ 'ഊറി'ൽനിന്ന് എഴുപത്തഞ്ച് വയസ്സുള്ളപ്പോൾ ക്രിസ്തുവിനു മുമ്പ് ഏകദേശം 1900-ൽ ഫലസ്ത്വീൻ പ്രദേശത്തേക്ക് പോന്നു എന്നു കരുതുക. എങ്കിൽ 11 വർഷം കൂടി കഴിഞ്ഞ് ഏകദേശം ബി.സി 1889-ൽ അദ്ദേഹത്തിന് 86 വയസ്സുള്ളപ്പോഴായിരിക്കണം ആദ്യ പുത്രൻ ഇസ്മായേലിന്റെ ജനനം. പിന്നെയും 14 വർഷം കഴിഞ്ഞപ്പോൾ ബി.സി 1875-ൽ ഇസഹാക്ക് ജനിച്ചു എന്നു കരുതാം. അപ്പോൾ അദ്ദേഹത്തിന്റെ പ്രായം 100 വയസ്സ്. രണ്ടു വർഷത്തിനു ശേഷം അവന്റെ മുലകുടിമാറിയപ്പോൾ ബി.സി 1873-ൽ ഇബ്റാഹീം നബി ഒരു വിരുന്നുനൽകി. ഇസ്മായേലിന് രണ്ടോ മൂന്നോ വയസ്സുള്ളപ്പോൾ അതായത് ഏകദേശം ബി.സി. 1887-ലോ 1886-ലോ ആയിരിക്കണം അബ്രാഹത്തിന്റെ വീട്ടിൽനിന്ന് ഇസ്മായേലിനെയും ഹാഗാറിനെയും പുറത്താക്കിയതും അവർ മക്കയിലെ കഅ്ബാ ദേവാലയത്തിനു സമീപം താമസമാക്കിയതും.

യഥാർഥമായും സംഭവിച്ച കാലത്തും സമയത്തും നടന്ന പുറത്താക്കലിനെപ്പറ്റിയല്ല ബൈബിളിൽ കാണുന്ന വിവരണം. പുറത്താക്കൽ സംഭവം രണ്ടു പ്രാവശ്യം നടന്നിട്ടുണ്ടെന്നും അതിൽ രണ്ടാമത്തേതാണ് കുഴഞ്ഞുമറിഞ്ഞ രീതിയിൽ ബൈബിളിൽ പ്രസ്താവിച്ചിട്ടുള്ളതെന്നും ഊഹിച്ചെടുക്കാം. ഇസ്മായേലിനു രണ്ടോ മൂന്നോ വയസ്സുമാത്രം പ്രായമുള്ളപ്പോഴായിരുന്നു ആദ്യത്തെ പുറത്താക്കൽ നടപടി. ഇസ്മായേലിനെ പ്രസവിക്കുന്നതിനു മുമ്പുതന്നെ സാറായുടെ ഉപദ്രവം സഹിക്കവയ്യാതെ ഹാഗാർ വീടുവിട്ടോടിപ്പോയതായി ബൈബിൾ പ്രസ്താവിക്കുന്നുണ്ട്. അന്ന് അവളെ അതിൽനിന്ന് പിന്തിരിപ്പിച്ച് മടക്കിപ്പറഞ്ഞയച്ചത് മാലാഖയായിരുന്നു. പിന്നീടും ആ രണ്ടു സ്ത്രീകൾ തമ്മിൽ കലഹം പതിവായപ്പോൾ മറ്റു മാർഗമില്ലാതെ ഇബ്റാഹീം നബി രണ്ടാം ഭാര്യയെയും മകനെയും വീട്ടിൽനിന്നുമാറിത്താമസിപ്പിച്ചു എന്നു കരുതുന്നതാണ് യുക്തിസഹം.

സംസം കിണറിനു സമീപം താമസമാക്കിയ ആ കൊച്ചുകുടുംബം പിന്നീടും ഇബ്റാഹീം നബിയുടെ വീട് സന്ദർശിക്കാറുണ്ടായിരുന്നു എന്നു കരുതാൻ ന്യായമുണ്ട്. താൽക്കാലികമായ എന്തെങ്കിലും അഭിപ്രായവ്യത്യാസങ്ങളുടെയോ പ്രശ്നങ്ങളുടെയോ പേരിൽ വീട്ടിൽനിന്ന് മാറിത്താമസിച്ചാലും അത് സ്ഥിരമായ വേർപാടായോ ബന്ധം പിരിയലായോ കണക്കാക്കേണ്ടതില്ല. പെട്ടെന്നുണ്ടായ ക്ഷോഭം നശിക്കുമ്പോൾ വീണ്ടും അടുക്കുക സാധാരണമാണ്. ഇവരുടെ കാര്യത്തിലും അതു സംഭവിച്ചിരിക്കാം. ഇബ്റാഹീം നബിയുടെ സ്വത്തു മുഴുവൻ തന്റെ മകൻ ഇസഹാക്കിനു കിട്ടണമെന്ന് സാറാ ആഗ്രഹം പ്രകടിപ്പിച്ചത് രണ്ടാം ഭാര്യയെയും മകനെയും പുറത്താക്കണമെന്ന് രണ്ടാം പ്രാവശ്യവും അവൾ ആവശ്യപ്പെട്ട സന്ദർഭത്തിൽ ആയിരിക്കാനാണ് സാധ്യത. കാരണം അപ്പോൾ മാത്രമേ സ്വന്തമെന്നു പറയാവുന്ന മകൻ അവൾക്കു ജനിച്ചിട്ടുള്ളൂ.

വളരെ കൊല്ലങ്ങൾക്കു മുമ്പ്, നിലവിലിരുന്ന രണ്ടുതരം ബൈബിളുകൾ കൂട്ടിച്ചേർത്ത് ഒരൊറ്റ ഗ്രന്ഥമായി രൂപപ്പെടുത്തിയെന്നും അങ്ങനെ ചെയ്തപ്പോൾ ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങളിലെ വിവരണങ്ങളിൽ പാകപ്പിഴകൾ സംഭവിച്ചിട്ടുണ്ടെന്നും ബൈബിൾ പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽപെട്ടതാകണം കുഴഞ്ഞുമറിഞ്ഞ ഈ ഹാഗാർ-ഇസ്മായേൽ സംഭവം എന്നുവേണം കരുതാൻ.

പ്രശ്നം സൂക്ഷ്മമായി വിലയിരുത്തുമ്പോൾ മനസ്സിലാവുന്നത് ഹാഗാറിനെയും ഇസ്മായേലിനെയും വീട്ടിൽനിന്ന് മാറ്റിത്താമസിപ്പിച്ചത് ഇസഹാക്ക് ജനിക്കുന്നതിനു മുമ്പും ഇസ്മായേലിനെ തോളിലേറ്റിക്കൊണ്ടുപോകേണ്ട പ്രായത്തിലും ജ്യേഷ്ഠാനുജന്മാർ തമ്മിൽ കളിച്ചത് അതിനുശേഷം പതിനാലു കൊല്ലമെങ്കിലും കഴിഞ്ഞും ആണ് എന്നത്രെ. സത്യാസത്യങ്ങൾ തിരിച്ചറിയാൻ കഴിയാത്തവിധം വസ്തുതകൾ ഇപ്രകാരം കൂടിക്കലർന്ന് സങ്കീർണമായത് ബൈബിളിന്റെ വിശ്വാസ്യതക്ക് പോറലേൽപിക്കുന്നുണ്ട്. ഖുർആനുമായുള്ള താരതമ്യപഠനത്തിൽ ബൈബിൾ പിന്നിലായിപ്പോകുന്നതിന് ഇതും ഒരു കാരണം തന്നെ.

(തുടരും)